**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 191** | **30-07-2021 - ൽ മറുപടിയ്ക്ക്**

**മൈക്രോ ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജലസേചനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ജലസേചനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നത് ലക്ഷ്യ മിട്ട് വിവിധ പ്ലാൻ പദ്ധതികളിൽ 2021-22 സാമ്പത്തിക വർഷത്തിൽ തുക വകയിരു ത്തിയിട്ടുണ്ട്. വിവിധ പ്ലാൻ പദ്ധതികൾ എല്ലാ ജില്ലകളിലും ആവിഷ്കരിച്ചിട്ടുണ്ട്. ഇവയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിയ്ക്ക് കീഴിൽ എം.വി.ഐ.പി, പാമ്പാർ എന്നീ പദ്ധതികളിൽ ജലസേചനം വ്യാപിപ്പിക്ക ന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കുറ്റ്യാടി ജലസേചന പദ്ധതിയ്ക്കു കീഴിൽ ജലസേചനം വ്യാപിപ്പിക്കുന്നതിന്റെ സാധ്യത കൾ പരിശോധിച്ചുവരുന്നു. |
| (ബി) | ജല ഉപയോഗം ക്രമീകരിക്കുന്നതിനായി മൈക്രോ ഇറിഗേഷൻ പദ്ധതി എവിടെയെങ്കിലും ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | സംസ്ഥാനത്ത് ജല ഉപയോഗം ക്രമീകരിക്കുന്നതിന് മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ജലത്തിന്റെ ഏറ്റവും കൃത്യവും കാര്യക്ഷമവുമായ ഉപയോഗമാണ് മൈക്രോഇറിഗേഷൻ മുഖേനയുള്ള ജലസേചനത്തിലൂടെ സാധ്യമാകുന്നത്. 28/05/2021 ലെ കേരള അസംബ്ലിയിൽ ബഹു.ഗവർണർ നടത്തിയ പ്രസംഗത്തിൽ മുൻ മന്ത്രി ശ്രീ.കെ.എം.മാണി യുടെ സ്മരണാർത്ഥം "കെ.എം.മാണി ഊർജ്ജിത കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി" പ്രഖ്യാപിച്ചിട്ടുണ്ട്. നാഷണൽ സെന്റർ ഫോർ അഗ്രികൾചർ ആൻഡ് പോളിസി റിസേർച്ചിന്റെ (എൻ.സി.എ.പി.) പഠനം അനുസരിച്ച് കേരളത്തിൽ ഏകദേശം 2.70 ലക്ഷം ഹെക്ടർ പ്രദേശത്ത് മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാനുള്ള സാഹചര്യം നിലവിലുണ്ട്. ജലസേചന വകുപ്പിന്റെ അധീനതയിലുള്ള ആയക്കെ ട്ടുകൾ പരിശോധിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ കർഷകരുടെയും കൃഷി വകുപ്പിന്റെയും |

| | | | |
|---|---|---|---|
| | | | സഹകരണത്തോടെ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി ആവിഷ്കരിച്ച് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശമുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ കെ.ഐ.ഐ.ഡി.സി. സ്വീകരിച്ചു വരുന്നു. നിലവിൽ പാലക്കാട് ജില്ലയിലെ എരുത്തേമ്പതി, കൊഴിഞ്ഞാമ്പാറ മുതലായ പഞ്ചായത്തുകളിൽ റീബിൽഡ് കേരള ഇനിഷ്യറ്റീവ് (ആർകെഐ), സംസ്ഥാന ഫണ്ട്എന്നിവ ഉപയോഗിച്ച് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കി വരുന്നു. കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികളിൽ മൂങ്കിൽമട, വലിയേരി നവിതൻകുളം, കരടിപ്പാറ എന്നീ പദ്ധതികൾ ടെൻഡർ ചെയ്ത് കരാർ നടപ്പിലാക്കി യിട്ടുണ്ട്. പദ്ധതി പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. ഇതിൽ മൂങ്കിൽമട കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി ഏകദേശം 40 ശതമാനത്തോളവും, കരടിപ്പാറ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി ഏകദേശം 84 ശതമാനത്തോളവും പൂർത്തി യായിട്ടുണ്ട്. മറ്റ് പദ്ധതികളായ വലിയേരി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി, നവിതൻകുളം കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി എന്നിവയുടെ പ്രവർത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ റീബിൽഡ് കേരള ഇനിഷ്യറ്റീവ് (ആർ.കെ.ഐ.)-യിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ അതിച്ചാൽ -മുണ്ടൻകൊള്ളിയിലും പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ കുന്നംകാട്ടുപതിയിലും കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കുന്നംകാട്ടുപതി - ചിറ്റൂർ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയിലെ സിവിൽ പ്രവർത്തികൾക്കുള്ള ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ജലസേചനവും ഭരണവും ചീഫ്എഞ്ചിനീയറുടെ കാര്യാലയത്തിനു കീഴിൽ മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി എറണാകുളം, കോഴിക്കോട്, കാസർഗോഡ്, തൃശ്ശൂർ, വയനാട്, ഇടുക്കി എന്നീ ജില്ലകളിലായി 11.86 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ വിവിധ നിർവ്വഹണ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ